പി.റ്റി.3172/2016

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.26.2.2016
Website: www.cooperation.kerala.gov.in
Email: keralarcs@gmail.com

**സർക്കുലർ നമ്പർ. 3/2016**

വിഷയം: സഹകരണ വകുപ്പ്- സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരമില്ലാത്ത വ്യാജ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്- മുൻകരുതൽ - സംബന്ധിച്ച്

സൂചന: ഐ.സി.എം കണ്ണൂർ ഡയറക്ടറുടെ 16.1.2016 ലെ D/Confi/ 2015-16 നമ്പർ കത്ത്

കേരള സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ സഹകരണ വകുപ്പിലെ/സഹകരണ ബാങ്കുകളിലെ/സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായി പരിശീലനം നൽകുന്നതിനായി ചുവടെ പരാമർശിക്കുന്ന സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് തിരുവനന്തപുരം, കണ്ണൂർ,
2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്,
3. അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മൺവിള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡവലപ്മെന്റ്, കൊച്ചി.

ഇതിനുപുറമേ സഹകരണ മേഖലയിൽ തന്നെ കേരള ഇൻസ്റ്റിറ്റ്യൂട്ട ഒഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്(കിക്മ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മേക്കിംഗ് ദ ബെസ്റ്റ്(കിംബ്) തുടങ്ങിയ അംഗീകാരം ലഭിച്ച പല പരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുമുണ്ട്.

എന്നാൽ ചില സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങൾ എന്ന നിലയിൽ സഹകരണ മേഖലയിൽ പരിശീലനം നൽകുന്നതിനായി നോമിനേഷൻ ക്ഷണിക്കുന്നതായും സ്വകാര്യ വ്യക്തികളുടെ പേരിൽ പരിശീലന തുക അയച്ചു കൊടുക്കുന്നതിനും ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം വ്യാജ പരിശീലനകേന്ദ്രങ്ങൾ/അംഗീകാരമില്ലാത്ത സ്ഥാപന

ങ്ങൾക്ക് എതിരെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ശ്രദ്ധചെലുത്തേണ്ടതായുണ്ട്. ആയതിനാൽ സഹകരണ മേഖലയിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി നോമിനേഷൻ ഇത്തരം സ്ഥാപനങ്ങൾ ആവശ്യപ്പെടുമ്പോൾ ടി പരിശീലന കേന്ദ്രങ്ങൾ സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചതാണോ, സ്ഥാപനത്തിന് ഈ രംഗത്ത് പ്രവർത്തന പരിചയം ഉണ്ടോ എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമെ നോമിനേഷൻ നൽകുകയോ പരിശീലന തുക നൽകുകയോ ചെയ്യാൻ പാടുള്ളൂ എന്ന് അറിയിക്കുന്നു. സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന എല്ലാ സ്ഥാപനങ്ങളും ഈ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
എസ്. ലളിതാംബിക, ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:
1. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും
3. എല്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
4. ജോയിന്റ് ഡയറക്ടർമാർ/കൺകറന്റ് ആഡിറ്റർ
   എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർക്കും
5. എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും
6. ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും
7. ഇ.പി.ആർ.ഒ
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
9. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർമാരുടെ/ജോയിന്റ് രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
10. വെബ്സൈറ്റ്
11. സ്പെയർ/ സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)

എ.കെ.